REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 11-04-2025 **സമയം** 06.45 AM

## പ്രധാന വാർത്തകൾ

- **മുംബൈ ഭീകരാക്രമണത്തിന് പിന്നിലെ മുഖ്യ പങ്കാളി തഹാവൂർ റാണയെ 18 ദിവസത്തെ NIA കസ്റ്റഡിയിൽ വിട്ടു.**
- **പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ഉത്തർപ്രദേശും മധ്യപ്രദേശും സന്ദർശിയ്ക്കും.**
- **സംസ്ഥാന സഹകരണ വകുപ്പിന്റെ കൺസ്യൂമർഫെഡ് വിഷു-ഈസ്റ്റർ സഹകരണ വിപണികൾ തിരുവനന്തപുരത്ത് മന്ത്രി V.N വാസവൻ ഇന്ന് ഉദ്ഘാടനം ചെയ്യും.**
- **കടൽ തീരങ്ങൾ പ്ലാസ്റ്റിക് മാലിന്യമുക്തമാക്കുന്ന ഏകദിന ശുചിത്വസാഗരം സുന്ദരതീരം പരിപാടി രാവിലെ തുടങ്ങും.**

## വാർത്തകൾ വിശദമായി

മുംബൈ ഭീകരാക്രമണത്തിന് പിന്നിലെ മുഖ്യ പങ്കാളി തഹാവൂർ റാണയെ 18 ദിവസത്തെ NIA കസ്റ്റഡിയിൽ വിട്ടു. ഡൽഹി പട്യാല ഹൗസിലെ പ്രത്യേക NIA കോടതിയിൽ 20 ദിവസത്തെ കസ്റ്റഡി അപേക്ഷയാണ് അന്വേഷണ ഏജൻസി നൽകിയത്.

ഇന്നലെ വൈകിട്ട് അമേരിക്കയിലെ ലോസാഞ്ചലസിൽ നിന്ന് പ്രത്യേക വിമാനത്തിൽ ന്യൂഡൽഹിയിൽ എത്തിച്ച തഹാവൂർ ഹുസൈൻ റാണയെ ദേശീയ അന്വേഷണ ഏജൻസി ഔപചാരികമായി അറസ്റ്റു ചെയ്തു. മുതിർന്ന NIA ഉദ്യോഗസ്ഥരുടെയും NSG സംഘത്തിന്റെയും വലയത്തിലാണ് റാണയെ മെഡിക്കൽ പരിശോധനയ്ക്കും മറ്റ് നടപടിക്രമങ്ങൾക്കും വിധേയമാക്കിയത്.

ന്യൂസ് ഡെസ്ക്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ.

.......(വോയ്സ്)...

നീണ്ട കാലത്തെ നിയമയുദ്ധത്തിനും നയതന്ത്ര ശ്രമങ്ങൾക്കും ഒടുവിലാണ് മുംബൈ ഭീകരാക്രമണത്തിന്റെ സൂത്രധാരനായ തഹാവൂർ റാണയെ ഇന്ത്യയ്ക്ക് വിട്ടുനൽകിയത്. വിദേശകാര്യ - ആഭ്യന്തര മന്ത്രാലയങ്ങളും NIA അടക്കം ഏജൻസികളും അമേരിക്കയിലെ ബന്ധപ്പെട്ട ഏജൻസികളുമായി ഏകോപനത്തോടെ പ്രവർത്തിച്ചതു വഴിയാണ് റാണയെ ഇന്ത്യയിലെത്തിക്കാൻ കഴിഞ്ഞത്.

അമേരിക്കയിൽ നിന്ന് ഇന്ത്യയ്ക്ക് കൈമാറാൻ കോടതികൾ പലവട്ടം ഉത്തരവിട്ടിട്ടും റാണ മേൽക്കോടതികളെ സമീപിച്ച് ഉത്തരവ് റദ്ദാക്കാൻ ശ്രമിക്കുകയായിരുന്നു. കുറ്റവാളികളെ പരസ്പരം കൈമാറാൻ ഇന്ത്യയും അമേരിക്കയും ഒപ്പുവെച്ച കരാറിന്റെ അടിസ്ഥാനത്തിലാണ് ഒടുവിൽ റാണയെ ഇന്ത്യയിലേക്കയക്കാൻ US സുപ്രീംകോടതി ഉത്തരവിട്ടത്.

2008 നവംബർ 26 നാണ് മുംബൈ ഭീകരാക്രമണമുണ്ടായത്. ഡേവിഡ് കോൾമാൻ ഹെഡ്‌ലി എന്ന ദാവൂദ് ഗിലാനിയുമായി ഗൂഢാലോചന നടത്തി ഭീകര സംഘടനകളായ ലഷ്കർ ഇ ത്വയ്ബ, ഹർക്കത്തുൾ ജിഹാദി ഇസ്ലാമി, പാകിസ്ഥാൻ ഭീകര പ്രവർത്തകർ എന്നിവരുടെ സഹായത്തോടെ റാണ ആക്രമണം ആസൂത്രണം ചെയ്യുകയായിരുന്നു. ആക്രമണത്തിൽ 166 പേർ മരിക്കുകയും, 238 പേർക്ക് പരിക്കേൽക്കുകയും ചെയ്തു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ഉത്തർപ്രദേശും മധ്യപ്രദേശും സന്ദർശിയ്ക്കും. സ്വന്തം മണ്ഡലമായ UP യിലെ വാരണാസിയിൽ 3,880 കോടി രൂപയുടെ വികസന പദ്ധതികൾക്ക് അദ്ദേഹം തുടക്കമിടും. പൂർത്തിയായ പദ്ധതികൾ പ്രധാനമന്ത്രി നാടിന് സമർപ്പിക്കും.

തുടർന്ന് മധ്യപ്രദേശിലേക്ക് പോകുന്ന പ്രധാനമന്ത്രി ഇസാഗഡിലെ ഗുരുജി മാഹാരാജ് ക്ഷേത്രത്തിൽ ദർശനവും പൂജയും നടത്തിയശേഷം അനന്ത്പൂർ ധാമിലെ പൊതുപരിപാടിയിൽ പങ്കെടുക്കും.

✪✪✪

ലോക ദൃശ്യ-ശ്രാവ്യ- വിനോദ ഉച്ചകോടി WAVES ന്റെ ഭാഗമായി സംഘടിപ്പിച്ച ഹാക്കത്തോണിലെ ജേതാക്കളെ പ്രഖ്യാപിച്ചു. വിദ്യാർത്ഥികളും, പ്രൊഫഷണലുകളും, സംരംഭകരുമായ അഞ്ച് ടീമുകളാണ് ക്രിയേറ്റ് ഇൻ ഇന്ത്യ ചലഞ്ച് സീസൺ-01 ൽ വിജയികളായത്. 2,200 മത്സരാർത്ഥികളാണ് ഹാക്കത്തോണിൽ പങ്കെടുത്തത്. മെയ് ആദ്യവാരം മുംബൈയിലാണ് ആദ്യ ആഗോള WAVES ഉച്ചകോടി സംഘടിപ്പിക്കുന്നത്.

✪✪✪

സംസ്ഥാന സഹകരണ വകുപ്പിന്റെ കൺസ്യൂമർഫെഡ് വിഷു-ഈസ്റ്റർ സഹകരണ വിപണികൾ തിരുവനന്തപുരത്ത് മന്ത്രി V N വാസവൻ ഇന്ന് ഉദ്ഘാടനം ചെയ്യും. ഏപ്രിൽ 21 വരെയാണ് വിഷു - ഈസ്റ്റർ സബ്സിഡി വിപണി സജ്ജീകരിച്ചിരിക്കുന്നത്.

✪✪✪

സാധാരണക്കാരെ പരമാവധി സഹായിക്കുന്ന നിലപാടാണ് സപ്ലൈകോ എന്നും സ്വീകരിച്ചിരിക്കുന്നതെന്ന് മന്ത്രി GR അനിൽ പറഞ്ഞു. ഭക്ഷ്യ-പൊതുവിതരണ വകുപ്പ് സപ്ലൈകോയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന വിഷു, ഈസ്റ്റർ ഫെയറുകളുടെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരത്ത് നിർവഹിക്കുകയായിരുന്നു മന്ത്രി.

വിഷു-ഈസ്റ്റർ കാലയളവിലും ജനങ്ങൾക്ക് കൂടുതൽ ആശ്വാസമേകുന്ന നിലപാടാണ് സപ്ലൈകോ സ്വീകരിക്കുന്നത്. സപ്ലൈകോയുടെ സുവർണ്ണജൂബിലിയോട് അനുബന്ധിച്ച് സപ്ലൈകോ നവീകരിക്കാൻ നിരവധി പദ്ധതികൾ ഗവൺമെന്റ് നടപ്പാക്കി വരുന്നുണ്ടെന്നും മന്ത്രി പറഞ്ഞു.

✪✪✪

സപ്ലൈക്കോ വില്പനശാലകളിൽ അഞ്ച് സബ്സിഡി ഉത്പന്നങ്ങളുടെ വില നാല് മുതൽ പത്തു രൂപ വരെ കുറച്ചു. തുവരപ്പരിപ്പ്, മുളക്, കടല, ഉഴുന്ന്, വൻപയർ എന്നിവയുടെ വിലക്കുറവ് ഇന്ന് നിലവിൽ വരും.

✪✪✪

ഇന്ന് ദേശീയ സുരക്ഷിത മാതൃത്വ ദിനം. സുരക്ഷിത മാതൃത്വത്തെക്കുറിച്ചും മാതൃ ആരോഗ്യത്തെക്കുറിച്ചും അവബോധം വളർത്തുന്നതിനാണ് ഏപ്രിൽ 11 ദേശീയ സുരക്ഷിത മാതൃത്വ ദിനമായി ആചരിക്കുന്നത്.

ഗർഭകാലത്തും പ്രസവസമയത്തും മികച്ച വൈദ്യ സഹായം നൽകുകയാണ് ദേശീയ സുരക്ഷിത മാതൃദിനത്തിന്റെ പ്രധാന ലക്ഷ്യം.

✪✪✪

കേരളത്തിലെ കടൽ തീരങ്ങൾ പ്ലാസ്റ്റിക് മാലിന്യമുക്തമാക്കുന്ന ഏകദിന ശുചിത്വസാഗരം സുന്ദരതീരം പരിപാടി ഇന്ന് നടത്തും. തിരുവനന്തപുരം ശംഖുമുഖം ബീച്ചിൽ മന്ത്രി MB രാജേഷ് ഉദ്ഘാടനം ചെയ്യും. മലപ്പുറം ജില്ലയിൽ പാലപ്പെട്ടി മുതൽ കടലുണ്ടി നഗരം വരെയാണ് ശുചീകരണം.

കണ്ണൂർ ജില്ലയിൽ ധർമ്മടം, മുഴുപ്പിലങ്ങാട്, അഴീക്കോട് അടക്കം മേഖലകളിൽ ശുചീകരണം സംഘടിപ്പിച്ചിട്ടുണ്ട്.

✪✪✪

ദേശീയ-സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റികൾ സംയുക്തമായി ഇന്ന് സംസ്ഥാനത്ത് മോക്ക് ഡ്രിൽ സംഘടിപ്പിക്കും. ചുഴലിക്കാറ്റും അനുബന്ധ ദുരന്തങ്ങളും നേരിടാൻ സജ്ജമാക്കിയ മുന്നൊരുക്കങ്ങൾ വിലയിരുത്താനാണ് 12 ജില്ലകളിലെ തിരഞ്ഞെടുത്ത 24 സ്ഥലങ്ങളിൽ ഒരേ സമയം മോക്ക്ഡ്രിൽസംഘടിപ്പിക്കുന്നത്.

കോഴിക്കോട് ജില്ലയിലെ മോക്ക്ഡ്രിൽ ഫറോക്ക് IOCL, ബേപ്പൂർ തുറമുഖം എന്നിവിടങ്ങളിലാണ്.

✪✪✪

കിഫ്ബി ധനസഹായത്തോടെ ഭരണാനുമതി നൽകിയ 973 സ്കൂൾ കെട്ടിടങ്ങളിൽ 519 എണ്ണവും പൂർത്തിയായതായി മന്ത്രി V ശിവൻകുട്ടി അറിയിച്ചു. ശേഷിക്കുന്ന 454 സ്കൂളുകളിൽ 61 ഇടത്ത് പല കാരണങ്ങളാൽ നിർമ്മാണം തടസപ്പെട്ടിരിക്കുകയാണ്. 116 കെട്ടിടങ്ങളുടെ ടെൻഡർ നടപടികൾ അവസാനഘട്ടത്തിലാണെന്നും, ബാക്കി സ്കൂൾ കെട്ടിടങ്ങൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണെന്നും മന്ത്രി പറഞ്ഞു.

സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം എത്രയും വേഗം പൂർത്തീകരിക്കാൻ തിരുവനന്തപുരത്ത് വിളിച്ചുചേർത്ത വിദ്യാകിരണം കോഡിനേറ്റർമാരുടെ യോഗത്തിൽ മന്ത്രി നിർദേശം നൽകി.

✪✪✪

സുസ്ഥിര തൃത്താല പരിപാടിയുടെ ഭാഗമായി സംഘടിപ്പിക്കുന്ന വിഷു-റംസാൻ കാർഷിക കാർണിവലിന് പാലക്കാട് നാഗലശ്ശേരി വാഴക്കാട് പാടശേഖരത്തിൽ ഇന്ന് തുടക്കമാകും. മൂന്ന് ദിവസത്തെ കാർണിവൽ സമാപനം ഞായറാഴ്ച മന്ത്രി MB രാജേഷ് ഉൽഘാടനം ചെയ്യും.

✪✪✪

ബംഗലൂരുവിൽ IPL ട്വന്റി-20 ക്രിക്കറ്റിൽ ഡൽഹി ക്യാപിറ്റൽസ്, റോയൽ ചലഞ്ചേഴ്സ് ബെംഗലൂരുവിനെ ആറ് വിക്കറ്റിന് പരാജയപ്പെടുത്തി.

ഇന്ന്, കൊൽക്കത്ത നൈറ്റ് റൈഡേഴ്സ്, ചെന്നൈ സൂപ്പർ കിങ്സിനെ നേരിടും. ചെന്നൈയിൽ വൈകീട്ട് 7:30 നാണ് മത്സരം.

✪✪✪

ശബരിമലയിൽ പൈങ്കുനി ഉത്രം മഹോത്സവത്തിന്റെ ഭാഗമായി പമ്പയിലെ ആറാട്ട് ഇന്ന്. രാവിലെ എട്ടരയ്ക്ക് സന്നിധാനത്ത് നിന്ന് ഘോഷയാത്ര പമ്പയിലേക്ക് പുറപ്പെടും. രാവിലെ 11നാണ് പമ്പയിലെ ആറാട്ട്.

ആറാട്ടിനു ശേഷം പമ്പാ ഗണപതി ക്ഷേത്ര മണ്ഡപത്തിൽ വൈകിട്ട് നാലുവരെ സ്ത്രീകളുൾപ്പെടെ ഭക്തജനങ്ങൾക്ക് ദർശനാവസരം ലഭിക്കും. പൂജകൾക്കു ശേഷം നാലുമണിക്ക് ആറാട്ട് ഘോഷയാത്ര പമ്പയിൽ നിന്ന് സന്നിധാനത്തേക്ക് തിരിക്കും. ഘോഷയാത്ര സന്നിധാനത്ത് എത്തിച്ചേർന്ന ശേഷം ഉത്സവത്തിന് കൊടിയിറങ്ങും.

✪✪✪

തിരുവനന്തപുരം ശ്രീപദ്മനാഭസ്വാമി ക്ഷേത്രത്തിലെ പൈങ്കുനി ഉത്സവത്തോട് അനുബന്ധിച്ച ആറാട്ട് ചടങ്ങുകൾ വൈകിട്ട് അഞ്ചോടെ ആരംഭിക്കും. ആറാട്ട് ഘോഷയാത്രയുടെ ഭാഗമായി തിരുവനന്തപുരം രാജ്യാന്തര വിമാനത്താവളത്തിലെ റൺവേ വൈകിട്ട് 4.45 മുതൽ രാത്രി 9 വരെ അടച്ചിടും.

✪✪✪

പ്രമുഖ കോൺഗ്രസ് നേതാവും കൊല്ലം മുൻ DCC പ്രസിഡന്റുമായ ഡോ.ശൂരനാട് രാജശേഖരൻ എറണാകുളത്ത് അന്തരിച്ചു. അദ്ദേഹത്തിന് 75 വയസ്സായിരുന്നു. അമൃത ആശുപത്രിയിൽ ചികിത്സയിലിരിക്കെ ഇന്ന് പുലർച്ചെ യായിരുന്നു അദ്ദേഹത്തിന്റെ അന്ത്യം.

കോൺഗ്രസ് രാഷ്ട്രീയകാര്യ സമിതി അംഗവും വീക്ഷണം മാനേജിംഗ് എഡിറ്ററും ആയി പ്രവർത്തിച്ചിട്ടുണ്ട്. സംസ്കാരം വൈകിട്ട് ചാത്തന്നൂരിലെ വീട്ടുവളപ്പിൽ നടത്തും.

✪✪✪

എഴുത്തുകാരനും പ്രാദേശിക പത്രപ്രവർത്തകനുമായിരുന്ന VN ശശിധരൻ അന്തരിച്ചു. 75 വയസായിരുന്നു. നിരവധി നോവലുകളും കഥകളും ലേഖനങ്ങളും എഴുതിയിട്ടുണ്ട്. സംസ്ക്കാരം രാവിലെ മുഹമ്മയിലെ വീട്ടു വളപ്പിൽ നടത്തും.

✪✪✪

മാളയിൽ ആറ് വയസുകാരനെ കുളത്തിൽ മരിച്ച നിലയിൽ കണ്ടെത്തിയ സംഭവം കൊലപാതകമാണെന്ന് പൊലീസ് കണ്ടെത്തി. ഇരുപതുകാരനായ പ്രതി ജോജോയെ പൊലീസ് കസ്റ്റഡിയിലെടുത്തു. ഇയാളെ ചോദ്യം ചെയ്തുവരികയാണ്. പ്രകൃതി വിരുദ്ധ പീഡനത്തെ എതിർത്തതോടെ കുട്ടിയെ

പ്രതി കുളത്തിൽ തള്ളിയിട്ട് കൊല്ലുകയായിരുന്നുവെന്ന് തൃശൂർ റൂറൽ SP ബി.കൃഷ്ണകുമാർ അറിയിച്ചു. രാത്രി ഒൻപതരയോടെയാണ് മൃതദേഹം കണ്ടെടുത്തത്.

✪✪✪

ഗവൺമെന്റിന്റെ ക്രിയാത്മക ഇടപെടൽ വഴി 80 ശതമാനം ആദിവാസികൾക്കും അർഹതപ്പെട്ട ഭൂമി നൽകാൻ കഴിഞ്ഞതായി മന്ത്രി ഡോ. R ബിന്ദു പറഞ്ഞു. അട്ടപ്പാടിയിൽ നടപ്പിലാക്കിയ 'സൂപ്പർ 100' പദ്ധതിയുടെ സമാപനം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

അട്ടപ്പാടി മേഖലയിലെ 108 പട്ടികവർഗ വിദ്യാർത്ഥികൾക്ക് നൈപുണ്യ വികസന പരിപാടികൾ ഈ അധ്യയന വർഷം ലഭ്യമാക്കുന്ന പരിപാടിയാണ് ‘സൂപ്പർ 100’ എന്ന് മന്ത്രി വിശദീകരിച്ചു.

✪✪✪

കൊല്ലത്തെ A രാമചന്ദ്രൻ ആർട്ട് ഗ്യാലറി ലോകോത്തര നിലവാരത്തിൽ പൂർത്തിയാക്കുമെന്ന് മന്ത്രി സജി ചെറിയാൻ പറഞ്ഞു. കൊല്ലം ശ്രീനാരായണ ഗുരു സാംസ്കാരിക സമുച്ചയത്തിലെ ആർട്ട് ഗ്യാലറിയുടെ നിർമ്മാണം ആശ്രാമം സാംസ്കാരിക സമുച്ചയത്തിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

സംസ്ഥാന ഭക്ഷ്യ കമ്മീഷൻ ചെയർപേഴ്സൺ ഡോ. ജിനു സക്കറിയ ഉമ്മന്റെ നേതൃത്വത്തിൽ അച്ചൻകോവിൽ ആദിവാസി ഉന്നതിയിൽ സന്ദർശനം നടത്തി. ഗവൺമെന്റ് വകുപ്പുകൾ നടപ്പാക്കുന്ന പദ്ധതികളുടെ നിർവഹണ പുരോഗതി വിലയിരുത്താനായിരുന്നു സന്ദർശനം.

✪✪✪

ടൂറിസം മേഖലയിൽ കേരളത്തിന്റെ വളർച്ച ലോക ശരാശരിക്കു മുകളിലാണെന്ന് മന്ത്രി PA മുഹമ്മദ് റിയാസ് പറഞ്ഞു. ടൂറിസം രംഗത്ത് കേരളം മത്സരിക്കുന്നത് ലോകരാജ്യങ്ങളോടാണെന്ന് മന്ത്രി പറഞ്ഞു. കേരളത്തിലെ ഉത്സവങ്ങളുടെയും പെരുന്നാളുകളുടെയും വിവരങ്ങൾ ഉൾപ്പെടുത്തി വിനോദസഞ്ചാരികൾക്കായി ടൂറിസം വകുപ്പ് തയ്യാറാക്കിയ ഡിജിറ്റൽ ഇവന്റ് കലണ്ടർ തിരുവനന്തപുരത്ത് പുറത്തിറക്കുകയായിരുന്നു മന്ത്രി.

✪✪✪

ഇടുക്കി ഉപ്പുതറയിൽ മരിച്ച നിലയിൽ കണ്ടെത്തിയ ഒരു കുടുംബത്തിലെ നാലു പേരുടെ പോസ്റ്റുമോർട്ടം നടപടികൾ രാവിലെ മെഡിക്കൽ കോളജിൽ തുടങ്ങും.

ഇന്നലെ വൈകിട്ടാണ് സജീവ് മോഹനൻ, ഭാര്യ രേഷ്മ, മക്കളായ ദേവൻ, ദിയ എന്നിവരെ വീട്ടിൽ മരിച്ച നിലയിൽ കണ്ടെത്തിയത്. കടബാധ്യതയാണ് മരണകാരണമെന്ന ആത്മഹത്യാകുറിപ്പും പൊലീസ് കണ്ടെത്തി.

✪✪✪

SFIO കുറ്റപ്പത്രത്തിലുൾപ്പെട്ട വീണാ വിജയനെതിരെ നടപടി ഉറപ്പായതോടെ മുഖ്യമന്ത്രി പിണറായി വിജയൻ സഹതാപ നാടകം കളിക്കുകയാണെന്ന മഹിളാകോൺഗ്രസ് സംസ്ഥാന പ്രസിഡണ്ട് ജെബി മേത്തർ MP ആരോപിച്ചു. മുഖ്യമന്ത്രിയുടെ രാജിയാണ് കേരളം ആവശ്യപ്പെടുന്നതെന്നും അവർ കോഴിക്കോട് പേരാമ്പ്രയിൽ പറഞ്ഞു. മഹിളാ സാഹസ് കേരള യാത്രയ്ക്ക് നൽകിയ സ്വീകരണ യോഗങ്ങളിൽ സംസാരിക്കുകയായിരുന്നു ജെബി മേത്തർ MP.

✪✪✪

---

*News Reader: അനിൽ ചന്ദ്രൻ*
*News Team:അബ്ദുൽ കബീർ, അനുഷ ആത്മപ്രകാശ്*
*DEO: ഷീബ*